കേരളസർക്കാർ
പൊതുവിദ്യാഭ്യാസവകുപ്പ്

കേരളസംസ്ഥാനസാക്ഷരതാമിഷൻഅതോറിറ്റി



# നവോത്ഥാനത്തിലെ സ്ത്രീമുന്നേറ്റങ്ങൾ

## നവോത്ഥാനപാഠങ്ങൾ ▪ സാക്ഷരതാപുസ്തകം 1



Title

**Women in Renaissance Movement**
**by**

**Dr. P.S.Sreekala**
Director, KSLMA

Cover & Illustration
**E.V.Anil**

Published on
19th December 2018

Layout
S.V.Sanoop

Published by

KERALA STATE LITERACY MISSION AUTHORITY
TC 27/1461, Kammattom Lane, Convent Road
Vanchiyoor, Thiruvananthapuram-35
phone: 0471-2472253, 2472254
email: stateliteracymission@gmail.com
© Kerala State Literacy Mission Authority

# ആമുഖം



നവോത്ഥാന പ്രസ്ഥാനങ്ങളുടെ പരിശ്രമഫലമായി കേരളം ആർജിച്ച നേട്ടങ്ങളും മഹത്തായ മൂല്യങ്ങളും തകർക്കാൻ സംഘടിതമായ നീക്കം നടക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ നവോത്ഥാന കാലത്തെ സ്ത്രീ മുന്നേറ്റങ്ങൾ അടയാളപ്പെടുത്തുന്ന ലഘു ഗ്രന്ഥം പുറത്തിറക്കാൻ പൊതുവിദ്യാഭ്യാസ വകുപ്പും കേരള സംസ്ഥാന സാക്ഷരതാമിഷനും തീരുമാനിച്ചത് ഉചിതമായി. അങ്ങേയറ്റം ദുരിതപൂർണമായ കാലം പിന്നിട്ടാണ് രാജ്യത്തെ ഏറ്റവും പരിഷ്കൃത സമൂഹമായി കേരളം വികസിച്ചതെന്ന ചരിത്രം ജനങ്ങളെ പഠിപ്പിക്കുകയും ഓർമിപ്പിക്കുകയും ചെയ്യേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. അതുകൊണ്ടുതന്നെ ഈ ഉദ്യമം അഭിനന്ദനാർഹവും മാതൃകാപരവുമാണ്.

ചാതുർവർണ്യത്തിന്റെ അടിത്തറയിൽ ഉയർന്നുവന്ന അടിച്ചമർത്തലിന്റെ ഭീകരത ഏറ്റവുമധികം അനുഭവിച്ചത് സ്ത്രീകളായിരുന്നു. വിദ്യാഭ്യാസത്തിന്റെ വെളിച്ചം കിട്ടിയവർ വീടിന്റെ അകത്തളങ്ങളിൽ ബന്ധിക്കപ്പെട്ടു. ശാരീരികവും മാനസികവുമായ പീഡനങ്ങളേറ്റ് സ്ത്രീ ജീവിതം എരിഞ്ഞു തീരുകയായിരുന്നു. ദായക്രമത്തിലും വിവാഹ ബന്ധങ്ങളിലും നിലനിന്ന സ്ത്രീവിരുദ്ധമായ ആചാരങ്ങൾ ഇന്നത്തെ തലമുറയ്ക്ക് സങ്കൽപിക്കുന്നതിനും അപ്പുറമായിരുന്നു. പുളികുടി കല്യാണം, തിരണ്ട് കല്യാണം, താലികെട്ട് കല്യാണം തുടങ്ങിയവയൊക്കെ സ്ത്രീകളുടെ സ്വാതന്ത്ര്യവും അഭിമാനവും ചവിട്ടിമെതിച്ച ആചാരങ്ങളാണ്. അടിയാളർ എന്ന് വിളിച്ചിരുന്ന അധഃസ്ഥിതിവിഭാഗത്തിലെ സ്ത്രീകൾക്കുനേരെയുള്ള ലൈംഗികാതിക്രമത്തിനും അതിരുണ്ടായിരുന്നില്ല. ജാതി തിരിച്ചറിയാൻ കല്ലുമാല ധരിക്കണമെന്നതുപോലുള്ള വ്യവസ്ഥകൾ അടിമത്തത്തിന്റെ അടയാളങ്ങളായിരുന്നു.

ശ്രീനാരായണഗുരുവും ചട്ടമ്പിസ്വാമിയും അയ്യങ്കാളിയുമെല്ലാം നേതൃത്വം നൽകിയ നവോത്ഥാന സമരങ്ങളാണ് സമൂഹത്തിന്റെ താഴേത്തട്ടിലെ ജനങ്ങൾക്ക് മനുഷ്യരായി ജീവിക്കാൻ സാഹചര്യമൊരുക്കിയത് ഈ സമരങ്ങളിൽ സ്ത്രീകളും ഉജ്വലമായ പങ്ക് വഹിച്ചു. മാറുമറയ്ക്കാനുള്ള ചാന്നാർ കലാപം, കല്ലുമാല സമരം, ഘോഷ ബഹിഷ്കരണം തുടങ്ങിയവ സ്ത്രീകളുടെ ഉയിർത്തെഴുന്നേൽപിന്റെ വിളംബരങ്ങളായി. സ്ത്രീകളുടെ ജീവിതം മാറ്റിയെടുക്കാനുള്ള സമരങ്ങൾ എല്ലാമതവിഭാഗങ്ങളിലും ഉയർന്നുവന്നു. വിദ്യാഭ്യാസ അവകാശത്തിനും തുല്യതക്കും വേണ്ടിയുള്ള പോരാട്ടങ്ങളായി അവ വളർന്നു. ഇങ്ങനെയാണ് അനാചാരങ്ങളിൽ നിന്നും അടിച്ചമർത്തലുകളിൽ നിന്നും കൊടിയ ചൂഷണത്തിൽ നിന്നും ജനത കരകയറിയത്.


ദേശീയ പ്രസ്ഥാനവും കർഷക, തൊഴിലാളി പ്രസ്ഥാനങ്ങളും ഐക്യകേരളത്തിൽ രൂപീകൃതമായ ഇടതുപക്ഷ സർക്കാരുകളും നവോത്ഥാന പാരമ്പര്യം ഉയർത്തിപ്പിടിച്ചു. അത്തരം ഇടപെടലുകളിൽ പ്രധാനമാണ് ഇ.എം.എസ്. നേതൃത്വത്തിലുള്ള കമ്യൂണിസ്റ്റ് സർക്കാർ നടപ്പാക്കിയ ഭൂപരിഷ്കരണം. ഇതുപോലുള്ള പുരോഗമന നടപടികളിലൂടെയാണ് കേരളം ഇന്നത്തെ നിലയിലേക്ക് പുരോഗമിച്ചത്. സ്ത്രീകളുടെ പദവി ഉയർത്തുന്നതിനും അവർക്ക് കൂടുതൽ അവസരങ്ങൾ നൽകുന്നതിനും ഈ സർക്കാർ ഒട്ടേറെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി പ്രത്യേകം വകുപ്പ് രൂപീകരിച്ചത് അതിലൊന്നു മാത്രമാണ്.

നവോത്ഥാന മൂല്യസംരക്ഷണയത്നത്തിൽ പ്രധാനമാണ് ഈ ചരിത്ര വിദ്യാഭ്യാസം. ''നവോത്ഥാനത്തിലെ സ്ത്രീ മുന്നേറ്റങ്ങൾ'' എന്ന ഗ്രന്ഥം ഈ വഴിയിലെ നല്ല ചുവടുവയ്പ്പാകുമെന്ന് പ്രതീക്ഷിക്കട്ടെ.



പിണറായി വിജയൻ
കേരളമുഖ്യമന്ത്രി

# നവോത്ഥാനകാലത്തെ സ്ത്രീ സമരങ്ങൾ



മനസ്സിന്റെ നവീകരണമാണ് നവോത്ഥാനം. നാം ഇന്ന് കാണുന്ന കേരളം വളർന്ന് വികസിച്ചത് നവോത്ഥാന പ്രക്രിയയുടെ സംഘർഷഭരിതവും ആവേശകരവുമായ നിരവധി ഘട്ടങ്ങളിലൂടെയാണ്. അനാചാരങ്ങളും അസമത്വവും ജാതിചിന്തയും ഭ്രാന്ത് പിടിപ്പിച്ച കേരളീയ സമൂഹത്തെ പുരോഗമന ചിന്തയുടെയും സ്ത്രീപുരുഷ തുല്യതയുടെയും മതനിരപേക്ഷതയുടെയും സമാധാനപൂർണ്ണമായ, താളബദ്ധമായ മാനസികനിലയിലേക്ക് വഴി നയിച്ചത് നവോത്ഥാന പ്രസ്ഥാനങ്ങളും നായകന്മാരുമായിരുന്നു.

ലിംഗസമത്വത്തിനും സ്വന്തം അന്തസ്സ് സംരക്ഷിക്കുന്നതിനും വേണ്ടി പെൺകരുത്ത് ജ്വലിച്ച് ഉയർന്ന അഭിമാന മുഹൂർത്തങ്ങൾ ഏറെയുണ്ട് നമ്മുടെ സംസ്ഥാനത്തിന്റെ നവോത്ഥാന ചരിത്രത്തിൽ. സാക്ഷരതാപദ്ധതിയുടെ പ്രയോക്താക്കൾക്ക് ഇത്തരം സന്ദർഭങ്ങളെ പരിചയപ്പെടുത്താനുള്ള കേരള സാക്ഷരതാമിഷന്റെ ഉദ്യമം ശ്ലാഘനീയമാണ്. സ്ത്രീശാക്തീകരണ ശ്രമങ്ങൾക്ക് ഇത് കൂടുതൽ ഊർജ്ജം പകരും.

ഇന്നത്തെ തലമുറയ്ക്ക് സ്വപ്നം കാണാൻ പോലും കഴിയാത്ത നാട്ടുനടപ്പുകളും വിലക്കുകളും നമ്മുടെ നാട്ടിൽ നിലനിന്നിരുന്നു. മാറുമറയ്ക്കാനും സ്കൂളിൽ പഠിക്കാനും തുല്യ വേതനം ലഭിക്കാനും സ്ത്രീകൾക്ക് പോരാട്ടം നടത്തേണ്ടി വന്നിരുന്ന ഒരു ഇരുണ്ട ഭൂതകാലമുണ്ടായിരുന്നു എന്ന അറിവ് സാക്ഷരകേരളത്തിന്റെ മനസ്സിൽ പതിയണം; ഭയവും ഉത്കണ്ഠകളുമില്ലാത്ത ഇന്നത്തെ സാമൂഹിക ക്രമത്തിലേക്ക് സ്ത്രീ എത്തിച്ചേർന്നത് ദുരിതപൂർണ്ണമായ സമരപാതകൾ താണ്ടിയാണ് എന്നറിയണം. മാറാൻ തയ്യാറില്ലാത്തവരോടും ദുരാചാരങ്ങളുടെ സംരക്ഷകരോടും പോരടിച്ചാണ് മാറ്റത്തിന്റെ ശക്തികൾ എന്നും മുന്നേറിയിട്ടുള്ളത്. അജ്ഞതയെ മുതലാക്കിക്കൊണ്ട് ജനതയെ തെറ്റിദ്ധരിപ്പിക്കാൻ നടക്കുന്ന ശ്രമങ്ങൾക്കെതിരെ നാം ജാഗ്രതയോടെ പ്രതികരിക്കണം.

നവോത്ഥാന മൂല്യങ്ങളെ ഇകഴ്ത്താനും സ്ത്രീസമൂഹത്തെ ദുരാചാരങ്ങളുടെയും അടിമത്തത്തിന്റെയും ചങ്ങലക്കെട്ടിൽ വീണ്ടും തളയ്ക്കാനും ബോധപൂർവ്വമായ ശ്രമം നടക്കുന്ന സമകാലിക പശ്ചാത്തലത്തിൽ, നവോത്ഥാന കാലഘട്ടത്തിലെ പെൺകരുത്തിന്റെ ജ്വാല അണഞ്ഞിട്ടില്ലെന്ന ഓർമ്മപ്പെടുത്തൽ ഏറെ പ്രസക്തമാണ്.

പ്രൊഫ. സി രവീന്ദ്രനാഥ്
പൊതുവിദ്യാഭ്യാസവകുപ്പുമന്ത്രി

# പുസ്തകത്തെക്കുറിച്ച്

സാക്ഷരതാമിഷന്റെ സാമൂഹ്യസാക്ഷരതാപരിപാടികളിലൊന്നാണ് ലിംഗസമത്വസാക്ഷരത. ഭരണഘടനാപരമായ ലിംഗസമത്വം ഇന്ത്യയിൽ എല്ലാ പൗരർക്കും അനുഭവിക്കാൻ കഴിയുന്നില്ല. എന്നാൽ സാമൂഹ്യപരിണാമചരിത്രത്തിന്റെ ഓരോ സന്ദർഭത്തിലും സ്ത്രീകളും പുരുഷന്മാരും തുല്യപങ്കുവഹിച്ചിട്ടുണ്ട്. ഈ വസ്തുത വെളിപ്പെടുത്തുന്ന ഒന്നാണ് കേരളത്തിന്റെ നവോത്ഥാനചരിത്രം.

അയ്യായിരം വർഷത്തിലധികം പാരമ്പര്യമുള്ള കേരളം സാംസ്കാരികവും സാമൂഹികവും രാഷ്ട്രീയവും സാമ്പത്തികവും ഭൂമിശാസ്ത്രപരവുമായ നിരവധി പരിണാമങ്ങൾക്കു വിധേയമായിട്ടുണ്ട്. ഇതിൽ മനുഷ്യനെ വ്യത്യസ്ത ശ്രേണികളിൽ പെടുത്തിയ പരിണാമമാണ് ജാതിവ്യവസ്ഥ. അതിന്റെ സൃഷ്ടിയായ ദുരാചാരങ്ങൾ ജാതിഭ്രാന്തിന്റെ കേന്ദ്രമാണ് കേരളമെന്ന വിശേഷണത്തിനു കാരണമായി. ആ അവസ്ഥയിൽ നിന്ന് കേരളത്തെ മോചിപ്പിച്ച പ്രക്രിയയാണ് നവോത്ഥാനം.

ആധുനികകേരളത്തെ പടുത്തുയർത്തിയത് നവോത്ഥാനത്തിന്റെ അടിത്തറയിലാണ്. ജാതിവിവേചന ത്തിന്റെ നിരവധി ആചാരങ്ങളെ മറികടന്നുകൊണ്ടാണ് മനുഷ്യകേന്ദ്രിതമായ ഒരു സമൂഹമായി കേരളം വളർന്നത്. മാറുമറയ്ക്കാനും മുലക്കരം അവസാനിപ്പിക്കാനും മുട്ടിനുതാഴെയിറക്കത്തിൽ മുണ്ടുടുക്കാനും നിവർന്നു നിൽക്കാനും വഴിനടക്കാനും സ്കൂളിൽ പ്രവേശിക്കാനും ക്ഷേത്രത്തിൽ കടക്കാനും തുടങ്ങി നിരവധിയായ മനുഷ്യാവകാശങ്ങൾ നേടിയത് അതുവരെ നിലനിന്ന വിലക്കുകൾ ലംഘിച്ചുകൊണ്ടാണ്. പുരുഷന്മാരും സ്ത്രീകളും ഒരുമിച്ചുനടത്തിയ പോരാട്ടങ്ങളുടെ സൃഷ്ടിയാണ് കേരളം.

നവോത്ഥാനമൂല്യങ്ങളുടെ നാൾവഴികളിൽ സ്ത്രീമുന്നേറ്റത്തെ പരിചയപ്പെടുത്തുന്ന സാക്ഷരതാപുസ്തകമാണിത്. നവോത്ഥാന ചരിത്രത്തിലെ എല്ലാ സന്ദർഭങ്ങളും ഈ പുസ്തകത്തിൽ മാത്രമായി ഒതുക്കാനാവില്ല. തുടർ പ്രസിദ്ധീകരണങ്ങളിലൂടെ സമഗ്രമായ അടയാളപ്പെടുത്തലിന് ശ്രമിക്കും.

ഏതൊന്നിനെ സംബന്ധിച്ചുമുള്ള അടിസ്ഥാനപരമായ അറിവ് മാത്രമാണ് സാക്ഷരത. നവോത്ഥാനം സംബന്ധിക്കുന്ന പ്രാഥമിക അവബോധത്തിലൂടെ ആഴത്തിലുള്ള അന്വേഷണങ്ങൾക്ക് പ്രേരണയേകാൻ ഈ സാക്ഷരതാപുസ്തകത്തിനു കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

പുരോഗമനത്തിന്റെ വഴിത്താരകളിലൂടെ മുന്നേറുന്ന കേരളത്തിന്റെ ചില ചരിത്രസന്ദർഭങ്ങളിലൂടെ സഞ്ചരിച്ച് നമുക്ക് യാത്ര തുടരാം...

ഡോ. പി എസ് ശ്രീകല
ഡയറക്ടർ, സാക്ഷരതാമിഷൻ



## മാറുമറയ്ക്കൽ സമരം



കീഴ്ജാതിക്കാർ എന്ന് വിളിക്കപ്പെട്ട വിഭാഗത്തിലെ സ്ത്രീകൾ മാറുമറയ്ക്കരുത് എന്നതായിരുന്നു ആചാരം. മേൽജാതിക്കാരായി കരുതപ്പെട്ടിരുന്ന വിഭാഗത്തിലെ സ്ത്രീകൾക്കും ക്ഷേത്രത്തിനുള്ളിൽ മാറ് മറയ്ക്കരുതെന്ന വിലക്ക് നിലനിന്നു. ഈ ആചാരം ലംഘിച്ചുകൊണ്ട് മാറുമറയ്ക്കാനുള്ള അവകാശത്തിനായി സ്ത്രീകൾ നടത്തിയ സമരമാണ് 'മാറുമറയ്ക്കൽ സമരം'. റൗക്കയും ബ്ലൗസും ധരിച്ച് പുറത്തിറങ്ങിയ സ്ത്രീകൾ തെരുവിൽ ക്രൂരമായി ആക്രമിക്കപ്പെട്ടു. വൈകുണ്ഠസ്വാമികളുടെ നേതൃത്വവും പിന്തുണയും സമരത്തിനുണ്ടായിരുന്നു. 1822 ൽ ആരംഭിച്ച് 1859 ൽ മാറുമറയ്ക്കാനുള്ള വിളംബരം ഉണ്ടാവുന്നതുവരെ നീണ്ടുനിന്ന സമരം, കേരളത്തിലെ ആദ്യത്തെ സ്ത്രീമുന്നേറ്റ സമരമാണ്.

# അടിമവ്യാപാരത്തിനെതിരെ

ജാതിയിൽ താഴ്ന്നവരെന്നറിയപ്പെട്ടിരുന്ന അവർണ്ണരും ആദിവാസികളും പരമ്പരാഗതമായി അടിമകളായി വിൽക്കപ്പെട്ടിരുന്നു. രക്ഷകർത്താക്കളും ബന്ധുക്കളും കുട്ടികളെ വിൽക്കാനായി ചന്തയിൽ കൊണ്ടുവന്നിരുന്നു. ആറു രൂപ മുതൽ പതിനെട്ടു രൂപ വരെയായിരുന്നു ഒരു കുട്ടി അടിമയുടെ വില. തലശ്ശേരി, ചങ്ങനാശ്ശേരി, തിരുവനന്തപുരത്ത് പേട്ട തുടങ്ങിയ സ്ഥലങ്ങളിൽ അടിമച്ചന്തകൾ നിലവിലിരുന്നു. അതിനെതിരെ സ്ത്രീകളുൾപ്പെടെ അണിനിരന്ന മനുഷ്യാവകാശപോരാട്ടങ്ങൾ നടന്നു. 1855 ൽ അടിമവ്യാപാരം നിരോധിച്ച് വിളംബരമുണ്ടായി.





# പുളികുടി, തിരണ്ടുകല്യാണം, കെട്ടുകല്യാണം അവസാനിപ്പിക്കൽ

''സാമൂഹികമായ ഒരു കാര്യത്തിലും സ്ത്രീകളെ മാറ്റിനിർത്തരുത്'' എന്ന് ആഹ്വാനം ചെയ്ത ശ്രീനാരായണഗുരു ''പുളികുടി, തിരണ്ടുകല്യാണം, കെട്ടുകല്യാണം ഇവ എങ്ങും ഇല്ലാതാക്കാൻ വേണ്ടതു ചെയ്യണം'' എന്ന് നിർദ്ദേശിച്ചു. ധർമ്മസോദരീമഠവും മഹിളാധർമ്മകലാവിദ്യാലയവും സ്ഥാപിച്ചു. നാരായണഗുരുവിന്റെ ആഹ്വാനം സ്ത്രീകൾ ഏറ്റെടുത്തു.

**തിരണ്ടുകുളി:** ആദ്യത്തെ ആർത്തവത്തോടനുബന്ധിച്ച് നടത്തിയിരുന്ന ചടങ്ങ്. ആർത്തവം തുടങ്ങുന്ന ആദ്യദിവസംതന്നെ പെൺകുട്ടിയെ മറ്റുള്ളവരുടെ അടുത്തുനിന്നു മാറ്റി തനിച്ചിരുത്തുന്നു. സ്ത്രീകൾ കുരവയിട്ട് അറിയിക്കും.


**പുളികുടി:** ആദ്യമായി ഗർഭം ധരിക്കുന്നതോടനുബന്ധിച്ച് നടത്തിയിരുന്ന ചടങ്ങ്. സത്പുത്രന് വേണ്ടിയുള്ള ചടങ്ങിൽ നിരവധി പേർ പങ്കെടുത്തിരുന്നു.

**കെട്ടുകല്യാണം:** ആർത്തവത്തിനുമുമ്പുതന്നെ താലികെട്ട് നടത്തുന്ന ചടങ്ങ്. വാർദ്ധക്യത്തിലെത്തിയ പുരുഷനും താലികെട്ടിയിരുന്നു.










# ആദ്യത്തെ പണിമുടക്ക് സമരം

അയ്യൻകാളിയുടെ ആഹ്വാനമനുസരിച്ച് കർഷകത്തൊഴിലാളി സ്ത്രീകൾ 1913 ൽ പാടത്ത് പണിമുടക്കി. അവർണ്ണർക്ക് സ്കൂൾ വിദ്യാഭ്യാസം അനുവദിക്കുക, കർഷകത്തൊഴിലാളി സ്ത്രീകൾക്ക് വിശ്രമസമയം നൽകുക തുടങ്ങിയവയായിരുന്നു ആവശ്യങ്ങൾ.



## സ്കൂൾ പ്രവേശനത്തിന്

പഞ്ചമി എന്ന പുലയപ്പെൺകുട്ടിയുടെ കൈപിടിച്ച് 1914 ൽ അയ്യങ്കാളി തിരുവനന്തപുരത്ത് ഊരൂട്ടമ്പലത്തിലുള്ള സ്കൂളിലെത്തി. അവളെ സ്കൂളിൽ പ്രവേശിപ്പിക്കണമെന്നതായിരുന്നു ആവശ്യം. അന്ന് പഞ്ചമിയെ സ്കൂളിൽ കയറ്റിയെങ്കിലും ആ സ്കൂൾ ജാതിഭ്രാന്തിന് അടിമകളായ ആളുകൾ തീവെച്ചുനശിപ്പിച്ചു.



## "കാണുന്നില്ലോരക്ഷരവും..."

**"സ്ത്രീ**യും പുരുഷനും ഒരേ ദൈവചൈതന്യമാകയാൽ അവർക്ക് തുല്യ പദവി നൽകണം" - പൊയ്കയിൽ അപ്പച്ചൻ. പൊയ്കയിൽ അപ്പച്ചൻ സ്ഥാപിച്ച പ്രത്യക്ഷരക്ഷാദൈവസഭയുടെ നേതൃത്വത്തിൽ സ്ത്രീകൾ ഉണ്ടായിരുന്നു. ശ്രീമൂലം പ്രജാസഭയിൽ സ്ത്രീകൾക്ക് പ്രാതിനിധ്യം വേണമെന്ന് ആവശ്യപ്പെട്ടു. പൊയ്കയിൽ അപ്പച്ചന്റെ അംഗരക്ഷകരായും സ്ത്രീകൾ പ്രവർത്തിച്ചിരുന്നു. ആഞ്ഞിലിമ്മൂട്ടിൽ അമ്മ, കുഴിയടി അമ്മ, കൊമരകം ചിന്ന, തേക്കാട്ടിൽ അമ്മ, വി ജാനമ്മ തുടങ്ങിയവർ നേതൃനിരയിലുണ്ടായിരുന്നു. ഒരിക്കൽ പൊയ്കയിൽ അപ്പച്ചനുനേരെ ആക്രമണം ഉണ്ടായപ്പോൾ അദ്ദേഹത്തെ രക്ഷിക്കാനായി, രാത്രിനേരത്ത് വള്ളമെടുത്ത് അദ്ദേഹത്തെയും കയറ്റി തുഴഞ്ഞുപോയ സ്ത്രീയാണ് കൊമരകം ചിന്ന.









# 'അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്'

'മറക്കുടയ്ക്കുള്ളിലെ മഹാനരക'മായിരുന്നു നമ്പൂതിരി സ്ത്രീകളുടെ ജീവിതം. വാർധക്യത്തിലെത്തിയ നമ്പൂതിരിയെ ബാല്യാവസ്ഥയിൽ വിവാഹം ചെയ്യേണ്ടി വരിക, വിധവയ്ക്ക് പുനർവിവാഹം അനുവദിക്കാതിരിക്കുക, വിധവയ്ക്ക് ഇല്ലത്തിനു പുറത്തിറങ്ങാനുള്ള അനുവാദം പോലും നൽകാതിരിക്കുക തുടങ്ങിയ മനുഷ്യത്വരഹിതമായ ആചാരങ്ങൾ മറികടക്കണമെന്ന ആശയമാണ് വി ടി ഭട്ടതിരിപ്പാടിന്റെ 'അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്' (1929) എന്ന നാടകം അവതരിപ്പിച്ചത്. ആര്യാപള്ളം, പാർവതി നെന്മേനിമംഗലം, പാർവതി മനഴി തുടങ്ങി നിരവധി സ്ത്രീകൾ നമ്പൂതിരി സമുദായത്തിനുള്ളിൽ നിന്നുതന്നെ ആചാരം ലംഘിച്ച് പുറത്തുവന്ന് സ്ത്രീകൾക്ക് മനുഷ്യരായി ജീവിക്കാൻ അവസരമൊരുക്കി.




## 'അഗ്നിസാക്ഷി'

അഗ്നിസാക്ഷിയായി താലികെട്ടി വിവാഹിതരാകുന്ന സ്ത്രീകളുടെ അവസ്ഥ ഉൾപ്പെടെ നമ്പൂതിരിസമുദായത്തിലെ സ്ത്രീകളുടെ ജീവിതം ലളിതാംബികാ അന്തർജ്ജനം കഥകളിലൂടെ വെളിപ്പെടുത്തി. നമ്പൂതിരിസമുദായപരിഷ്കരണസംഘടനയായിരുന്ന യോഗക്ഷേമസഭയുടെ യോഗങ്ങളിൽ അവർ സ്ത്രീകൾക്കുവേണ്ടി സംസാരിക്കുകയും ചെയ്തു.



## ഘോഷ ബഹിഷ്കരണം

നമ്പൂതിരിസ്ത്രീകൾ പുറത്തിറങ്ങുമ്പോൾ ചെവിയുൾപ്പെടെ മറച്ചുകൊണ്ട് ശരീരം മൂടി നടക്കണമെന്നതായിരുന്നു ആചാരം. ബ്ലൗസ് ധരിക്കാൻ പാടില്ലായിരുന്നു. ക്ഷേത്രത്തിൽ ഘോഷ മാറ്റി മാറ് നഗ്നമാക്കണം. ഈ ആചാരത്തിനെതിരെ നിരവധി നമ്പൂതിരിസ്ത്രീകൾ ഘോഷ ബഹിഷ്കരിച്ചും ബ്ലൗസ് ധരിച്ചും രംഗത്തുവന്നു. 1931 ൽ തളിപ്പറമ്പിൽ ചേർന്ന യോഗക്ഷേമസഭാസമ്മേളനത്തിൽ പാർവതി നെന്മേനിമംഗലം ഘോഷ ബഹിഷ്കരിച്ച് പങ്കെടുത്തു.



# കല്ലയും മാലയും ബഹിഷ്കരണം

വസ്ത്രം കൊണ്ട് മാറുമറയ്ക്കാൻ അനുവാദമില്ലാതിരുന്ന അവർണ്ണസ്ത്രീകൾ കല്ലും കുപ്പിച്ചില്ലും മുത്തുകളും കോർത്ത മാലയണിഞ്ഞാണ് മാറ് മറച്ചിരുന്നത്. അയ്യൻകാളിയുടെ ആഹ്വാനത്തെത്തുടർന്ന് ആയിരക്കണക്കിന് സ്ത്രീകൾ കല്ലയും മാലയും പൊട്ടിച്ചെറിഞ്ഞ് ബ്ലൗസ് ധരിച്ച് നടക്കാൻ തുടങ്ങി. ആദ്യനാളുകളിൽ ആചാരസംരക്ഷകർ അവരെ തെരുവിലൂടെ വലിച്ചിഴച്ചു. സ്ത്രീകൾ പിന്മാറിയില്ല. അയ്യങ്കാളി പങ്കെടുത്ത സർവ്വസമുദായ സമ്മേളനത്തിൽ അധ്യക്ഷനായിരുന്ന എൻ എസ് എസ് നേതാവ് ചങ്ങനാശ്ശേരി പരമേശ്വരൻ പിള്ളയും കല്ലയും മാലയും ബഹിഷ്കരിക്കാൻ ആഹ്വാനം നൽകി. ആ ആചാരം 1915 – 16 കാലത്ത് അവസാനിച്ചു.

# വൈക്കം സത്യാഗ്രഹം

**ക്ഷേ**ത്രപരിസരത്തു കൂടി വഴിനടക്കാൻ അവർണ്ണരെ അനുവദിക്കാത്ത ആചാരത്തിനെതിരെ നടന്ന സമരമാണിത്. അവർണ്ണരോടൊപ്പം ആചാരലംഘനമനസ്സുള്ള സവർണരും സമുദായനേതാക്കളും ആ സമരത്തിൽ പങ്കെടുത്തു. മന്നത്തു പത്മനാഭന്റെ നേതൃത്വത്തിൽ സമരത്തിനനുകൂലമായി സവർണ്ണ ജാഥ നടത്തി. ടി കെ മാധവൻ, കെ കേളപ്പൻ, പി കൃഷ്ണപിള്ള തുടങ്ങിയവർ നേതൃത്വം നൽകിയ സത്യാഗ്രഹത്തെ പിടിയരിയും പണവും നൽകി സവർണ്ണ സ്ത്രീകൾ സഹായിച്ചു. പി കെ കല്യാണി, കാർത്തൂകുഞ്ഞ്, ലക്ഷ്മി, കമലമ്മാൾ തുടങ്ങിയവർ സത്യാഗ്രഹത്തിൽ വോളന്റീർമാരായി. 'ഹിന്ദുമഹാജനയോഗ'ത്തിൽ മുതുകുളം പാർവതി അമ്മ അവർണ്ണസ്ത്രീകളുടെ ഉന്നമനത്തിനായി വാദിച്ചു.









# തോൽവിറക് സമരം

കർഷകത്തൊഴിലാളിസ്ത്രീകൾ അടുപ്പുകത്തിക്കാൻ വിറകുശേഖരിച്ചിരുന്നത് ജന്മിമാരുടെ പറമ്പുകളിൽ നിന്നാണ്. കാസർകോട് ഒരു ജന്മി ഇത് വിലക്കിയതിനെത്തുടർന്ന് 1946 ൽ സ്ത്രീകൾ നടത്തിയ സമരമാണിത്.




കുഞ്ഞിമാധവി വിളിച്ചുകൊടുത്ത
''തോലും വിറകും ഞങ്ങളെടുക്കും
കാലൻ വന്നുതടുത്തെന്നാലും
കാവൽക്കാരെ സൂക്ഷിച്ചോളിൻ
പാവങ്ങടെ മെയ് തൊട്ടുകളിച്ചാൽ
അരിവാൾ തോലരിയാനായ് മാത്രം
പരിചൊടുകയ്യിൽ കരുതിയതല്ല'' എന്ന മുദ്രാവാക്യം എഴുതി നൽകിയത് ടി എസ് തിരുമുമ്പാണ്. തോലും വിറകും ശേഖരിക്കാനുള്ള അവകാശം സ്ത്രീകൾ നേടിയെടുത്തു.



# "അടുക്കളമൂർത്തികളല്ല സ്ത്രീകൾ"



**"സ്ത്രീ**കൾ ഉദ്യോഗത്തിനു പോയാൽ അവരുടെ കുഞ്ഞുങ്ങളെ ശരിയായി പരിചരിക്കാൻ സാധിക്കുകയില്ലെന്നാണ് വേറൊരാക്ഷേപം. പ്രഥമദൃഷ്ടിയിൽ ഇതിലൽപം വാസ്തവമുണ്ടെന്നു തോന്നിയാലും സസൂക്ഷ്മം ആലോചിച്ചാൽ സ്ത്രീകളെ ഉദ്യോഗത്തിൽനിന്ന് അകറ്റി നിർത്തത്തക്ക ന്യായമല്ല ഇതെന്നു കാണാം. ശിശുപരിചരണത്തിൽ അമ്മയുടെ സാന്നിധ്യം ഒഴിച്ചുകൂടാൻ പാടില്ലാത്തതു പ്രസവശേഷമുള്ള കുറച്ചു കാലം മാത്രമാണ്. സ്കൂളിലയച്ചു തുടങ്ങിയാൽ പിന്നെ അടുക്കളമൂർത്തികളായവരുടെ കുട്ടികൾക്കു പോലും മാതൃപരിചരണം രാത്രി മാത്രമേ ലഭിക്കുന്നുള്ളൂ. ഉദ്യോഗസ്ഥകൾക്കും അനുദ്യോഗസ്ഥകൾക്കും ആവശ്യത്തിനുള്ള ശിശുപരിചരണം സാധ്യമാണെന്നാണ് എനിക്കു തോന്നുന്നത്. അഥവാ സ്വൽപം കുറഞ്ഞുപോയാലും അതു രാജ്യനന്മയ്ക്കു നല്ലതാണെന്നാണ് എന്റെ വിശ്വാസം." സ്ത്രീപുരുഷസമത്വത്തെയും സ്ത്രീമുന്നേറ്റത്തെയും പ്രചോദിപ്പിക്കുന്ന ഈ വാക്കുകൾ, കേരളത്തിലെ ആദ്യത്തെ വനിതാനിയമബിരുദധാരിയും ഇന്ത്യയിലെ ആദ്യത്തെ വനിതാജസ്റ്റിസുമായ അന്നാചാണ്ടിയുടേതാണ്.



## വിധവാവിവാഹം

നമ്പൂതിരിസമുദായത്തിലെ വിധവകൾക്ക് വിവാഹം അനുവദിക്കാത്ത ആചാരം ലംഘിച്ച ആദ്യ സ്ത്രീയാണ് നങ്ങേമ എന്ന ഉമാദേവി അന്തർജ്ജനം. വി ടി ഭട്ടതിരിപ്പാടിന്റെ ഭാര്യയായ ശ്രീദേവി അന്തർജനത്തിന്റെ അനുജത്തിയായ അവർ സ്വയം വിവാഹത്തിന് തയ്യാറായതാണെന്ന് വി ടി ആത്മകഥയിൽ രേഖപ്പെടുത്തുന്നു. എം ആർ ഭട്ടതിരിപ്പാടിനെയാണ് നങ്ങേമ വിവാഹം ചെയ്തത്.

# ‘തൊഴിൽ കേന്ദ്രത്തിലേക്ക്’

‘അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്’ എന്ന ആശയത്തിന്റെ തുടർച്ചയാണ് ‘തൊഴിൽകേന്ദ്രത്തിലേക്ക്’. ഈ നാടകം എഴുതിയതും അരങ്ങിൽ അവതരിപ്പിച്ചതും നമ്പൂതിരിസ്ത്രീകളാണ്. അന്തർജ്ജനസമാജത്തിന്റെ നേതൃത്വത്തിൽ പാലക്കാട് ലക്കിടിയിൽ സ്ത്രീകൾ തൊഴിൽകേന്ദ്രം ആരംഭിച്ചിരുന്നു. അവിടെ അന്തേവാസിയായി വന്ന ഒരു പെൺകുട്ടിയുടെ അനുഭവകഥയാണ് നാടകമായത്. പതിമൂന്നുവയസുള്ള പെൺകുട്ടി വിവാഹത്തിന് വിസമ്മതിച്ചതിനെത്തുടർന്ന് അന്തർജ്ജനസമാജം പ്രവർത്തകർ അവളെ വീട്ടിൽ നിന്ന് രക്ഷിച്ചുകൊണ്ടുപോരുന്നു. അരങ്ങിലെത്തുന്ന സ്ത്രീകൾക്ക് സാമ്പത്തിക സ്വാശ്രയത്വം ഉണ്ടെങ്കിലേ സ്വാതന്ത്ര്യമുണ്ടാവൂ എന്ന സന്ദേശംകൂടിയാണ് ഈ നാടകം മുന്നോട്ടുവയ്ക്കുന്നത്. യാഥാസ്ഥിതികനും സ്ത്രീവിരുദ്ധനുമായ ഭർത്താവിനെ ഉപേക്ഷിച്ച് വീട് വിട്ടിറങ്ങുന്ന സ്ത്രീ നാടകത്തിലെ മുഖ്യ കഥാപാത്രമാണ്. 1948 ലാണ് ഈ നാടകം അരങ്ങിലെത്തുന്നത്.





## 'മുസ്ലീംവനിത'

ഇത് 1938 ൽ ഇരുപതാംവയസ്സിൽ ഹലീമാബീവി ആരംഭിച്ച പ്രസിദ്ധീകരണത്തിന്റെ പേരാണ്. ''സ്ത്രീകളുടെ അവകാശങ്ങൾ നിഷേധിക്കുന്നതിന് മതത്തെ പഴിക്കരുത്. ശരിഅത്ത് പ്രകാരം മുസ്ലിം സ്ത്രീകൾക്ക് സ്വത്തിന് അവകാശമുണ്ട്. ഭർത്താവിനോട് വിവാഹമോചനം ആവശ്യപ്പെടാൻ അവകാശമുണ്ട്. ഇതൊക്കെ അറിയണമെങ്കിൽ സ്ത്രീകൾ വിദ്യാഭ്യാസം നേടണം.''
ഇതായിരുന്നു ഹലീമാബീവിയുടെ സമീപനം. ഏഴാം ക്ലാസ് വരെ മാത്രമേ അവർക്ക് വിദ്യാഭ്യാസം നേടാനായുള്ളൂ.
തിരുവിതാംകൂറിലെ ആദ്യത്തെ വനിതാകൗൺസിലറായിരുന്നു.
വൈക്കം മുഹമ്മദ് ബഷീർ സബ് എഡിറ്ററായിരുന്ന 'ഭാരതചന്ദ്രിക'യെന്ന പ്രസിദ്ധീകരണത്തിന്റെ എഡിറ്ററായും 1946 ൽ ഹലീമാബീവി പ്രവർത്തിച്ചു.






# "കുഞ്ഞാടുകൾ സിംഹികളാവും"

"കേരളത്തിലെ സ്ത്രീകളുടെ അടക്കവും ഒതുക്കവും സുപ്രസിദ്ധമാണല്ലോ. എന്നാൽ, അവരുടെ വികാരം വ്രണപ്പെടുത്തിയാൽ കുഞ്ഞാടുകൾ സിംഹികളായി മാറും''. - അക്കാമ്മ ചെറിയാൻ. സിറിയൻ ക്രിസ്ത്യാനി സ്ത്രീകൾക്ക് പൊതു ഇടങ്ങൾ വിലക്കപ്പെട്ടിരുന്ന കാലത്ത് രാഷ്ട്രീയ രംഗത്തെത്തിയ സ്ത്രീകളാണ് അക്കാമ്മ ചെറിയാനും സഹോദരി റോസമ്മയും. 1938 ൽ ഉത്തരവാദഭരണത്തിനായി തിരുവിതാംകൂർ മഹാരാജാവിന്റെ കൊട്ടാരത്തിലേക്ക് ജാഥനയിച്ച വ്യക്തിയാണ് അക്കാമ്മ ചെറിയാൻ.





## കണ്ടക്കൈ സമരം

**കു**ടിയൊഴിപ്പിക്കുന്നതിൽ പരാജയപ്പെട്ട ജന്മി മേച്ചിൽപ്പുല്ലു പാട്ടത്തിനു നൽകാൻ തയ്യാറായില്ല. ഇതിനെതിരെ സമരം ചെയ്ത കർഷകത്തൊഴിലാളികളുടെ കുടിലുകൾ ജന്മിയുടെ നേതൃത്വത്തിൽ തല്ലിത്തകർത്തു. ഇതിൽ പ്രതിഷേധിച്ച് പൊട്ടിയ കലങ്ങളും ചൂലുകളുമായി കർഷകത്തൊഴിലാളി സ്ത്രീകൾ ജന്മിയുടെ വീട്ടിലേക്ക് നടത്തിയ സമരമാണ് കണ്ടക്കൈ സമരം. 1946 ൽ നടന്ന ഈ സമരത്തിന് നേതൃത്വം നൽകിയത് കുഞ്ഞാക്കമ്മയാണ്.

# നവകേരളത്തിലേക്ക്
# തുടരാം സ്ത്രീമുന്നേറ്റം...

നവോത്ഥാനത്തിലൂടെ കേരളം നേടിയ ജാതിവിരുദ്ധവും മതനിരപേക്ഷവും സ്ത്രീകൾക്കനുകൂലവുമായ മനുഷ്യാവകാശങ്ങൾ ആചാരലംഘനങ്ങളിലൂടെയാണ് സാധ്യമായതെന്ന് വ്യക്തം. ആ അവകാശങ്ങൾ കവർന്നെടുക്കാനും കേരളത്തെ ജാത്യധിഷ്ഠിതവും മതകേന്ദ്രിതവും സ്ത്രീവിരുദ്ധവുമായ ഭ്രാന്താലയമാക്കാനുമുള്ള ശ്രമങ്ങൾക്കെതിരെ നവോത്ഥാനപാരമ്പര്യത്തിൽ അഭിമാനിക്കുന്ന സ്ത്രീകൾ തുടർന്നും അണിനിരക്കും, മുന്നേറും, ലിംഗസമത്വം യാഥാർഥ്യമാക്കും.



‘‘സ്വയം എഴുന്നേറ്റുനിൽക്കാനുതകുംവിധം രണ്ടുകാലുകളും
ചിന്തിക്കാനുതകുംവിധം കഴുത്തിനുമുകളിൽ ഒരു തലയും
സ്ത്രീക്കുണ്ട് എന്ന പലരും കരുതാത്ത ഒരു കാലമുണ്ടായിരുന്നു.
മുന്നിലും പിന്നിലും മേദസ്സുവളർന്ന ഒരു ജന്തുവായിട്ടാണ്,
മേധയുള്ള ഒരു ജീവിയായിട്ടല്ല, അന്ന് അവൾ വീക്ഷിക്കപ്പെട്ടത്.
നിൽക്കാനും നടക്കാനും ഉയരങ്ങളിലേക്ക് ഓടിക്കയറാനും കരുത്തുള്ള
കാലുകളുണ്ട് എന്ന് സ്ത്രീ തെളിയിക്കുന്നത് ഇന്നും ചിലർക്ക് ഇഷ്ടമല്ല.
ചിന്തിക്കാൻ കഴിയും എന്ന തെളിയിക്കുന്നതും അങ്ങനെതന്നെ.’’

**ഡോ. എം ലീലാവതി**



## നവോത്ഥാനത്തിലെ സ്ത്രീമുന്നേറ്റങ്ങൾ

നവോത്ഥാനപാഠങ്ങൾ ▪ സാക്ഷരതാപുസ്തകം 1

KERALA STATE LITERACY MISSION AUTHORITY
TC 27/1461, Kammattom Lane, Convent Road
Vanchiyoor, Thiruvananthapuram-35
phone: 0471-2472253, 2472254
email: stateliteracymission@gmail.com